പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :602 | 13.01.2021 ൽ മറുപടിക്ക്

# വൈദ്യുത ചാർജ്ജ് വർധനവ്

ചോദ്യം

ശ്രീ. അനൂപ് ജേക്കബ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ എത്ര തവണ വൈദ്യുത ചാർജിൽ വർധനവ് വരുത്തിയിട്ടുണ്ടെന്നും ഓരോതവണയും ഉള്ള വർധനയുടെ നിരക്ക് എത്രയാണെന്നും അറിയിക്കുമോ; | (എ) നിലവിലുള്ള സർക്കാർ അധികാരമേറ്റതിനു ശേഷം, നാളിതുവരെ രണ്ടു തവണ (18.04.2017-ലും 08.07.2019-ലും) വൈദ്യുതി നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. 18.04.2017-ൽ നിരക്ക് വർദ്ധനവ് 4.77% -ഉം, 08.07.2019-ൽ വർദ്ധനവ് 6.81% -ഉം ആയിരുന്നു. |
| (ബി) പ്രസ്തുത വർധനകൾ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശ പ്രകാരമാണോ അതോ കെ.എസ്.ഇ.ബി യുടെ ആവശ്യപ്രകാരമാണോ നടപ്പിലാക്കിയതെന്ന് അറിയിക്കുമോ? | (ബി) സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി താരിഫ് പരിഷ്കരിക്കുന്നതിനുള്ള അധികാരം, വൈദ്യുതി നിയമം-2003 - ലെ വിവിധ വകുപ്പുകൾ പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇതിൻ പ്രകാരം 17.04.2017-ൽ, കമ്മീഷൻ സ്വമേധയാ പുറപ്പെടുവിച്ച താരിഫ് പരിഷ്കരണ ഉത്തരവു പ്രകാരം 18.04.2017 മുതലും, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് 31.10.2018-ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച ബഹു വർഷ താരിഫ് പെറ്റീഷൻ (Multi year tariff petition) പ്രകാരം, 08.07.2019-ൽ പുറപ്പെടുവിച്ച താരിഫ് പരിഷ്കരണ ഉത്തരവു പ്രകാരം പ്രസ്തുത തീയതി മുതലും പ്രാബല്യത്തിൽ വരത്തക്ക വിധമാണ് പരിഷ്കരണം നടപ്പിലാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ